# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.792 — 11.06.2014 ൽ മറുപടിയ്ക്ക്

## മുല്ലപ്പെരിയാർ കേസിലെ സുപ്രീംകോടതി വിധി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ.കെ.ബാലൻ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. കെ.കെ.ജയചന്ദ്രൻ | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മുല്ലപ്പെരിയാർ കേസിൽ സുപ്രീംകോടതിയിൽ കേരളം തോൽക്കാനിടയായ സാഹചര്യം എന്തെല്ലാമായിരുന്നുവെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | മുല്ലപ്പെരിയാർ കേസിൻെറ സുപ്രീംകോടതി വിധിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12.05.2014-ൽ നടന്ന സർവ്വകക്ഷിയോഗത്തിൽ; വിധിയുടെ വിശദാംശങ്ങൾ സംബന്ധിച്ച് വിശദമായി ചർച്ച നടത്തുകയും സുപ്രീംകോടതിയിൽ റിവ്യൂ പെറ്റീഷൻ നൽകുവാൻ തീരുമാനമെടുക്കുകയും ചെയ്തു. നിയമവിദഗ്ധരുമായി കൂടിയാലോചിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ റിവ്യൂ ഹർജി ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) കേരളത്തിന്റെ എന്തെല്ലാം വാദങ്ങൾ കോടതിയെ ബോധ്യപ്പെടുത്തുന്നതിൽ പരാജയപ്പെടുകയുണ്ടായി എന്ന് വിലയിരുത്തിയിട്ടുണ്ടോ;<br>വിശദമാക്കുമോ; | (ബി) | കേരളത്തിന് വേണ്ടി വാദിച്ച പ്രഗത്ഭരായ നിയമവിദഗ്ധർ കേരളത്തിൻെറ എല്ലാവാദമുഖങ്ങളും കോടതിയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ സർക്കാർ പരിശോധിച്ച് കണ്ടെത്തിയ, കേസ് നടത്തിപ്പിലെ വീഴ്ചകൾ എന്തെല്ലാമായിരുന്നു; | (സി) | മുല്ലപ്പെരിയാർ കേസിൻെറ നടത്തിപ്പിൽ കേരളം വീഴ്ചകൾ ഒന്നും വരുത്തിയിട്ടില്ല. |
| (ഡി) സുപ്രീംകോടതിയിലെ കേസ് നടത്തിപ്പിനിടയിൽ എപ്പോഴെങ്കിലും മുഖ്യമന്ത്രി നേരിട്ട് പ്രശ്നം അവലോകനം നടത്തിയിട്ടുണ്ടായിരുന്നുവോ; | (ഡി) | ഉണ്ട്. |
| (ഇ) വിധിയെത്തുടർന്ന് സർക്കാർ വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിലുണ്ടായ ആശങ്കകളും തീരുമാനങ്ങളും എന്തെല്ലാമാണ്; ഇക്കാര്യത്തിൽ നിയമവിദഗ്ദ്ധരുമായി ചർച്ച നടത്തുകയുണ്ടായോ; | (ഇ) | മുല്ലപ്പെരിയാർ വിധിയെ തുടർന്ന് സർക്കാർ വിളിച്ചുചേർത്ത സർവ്വകക്ഷിയോഗത്തിൽ സുപ്രീംകോടതിയിൽ റിവ്യൂ പെറ്റീഷൻ നൽകുവാൻ ധാരണയായി. ഇത് സംബന്ധിച്ച് നിയമവിദഗ്ധരുമായി ചർച്ചകൾ നടന്നുവരികയാണ്. |
| (എഫ്). ഡാമിലെ ജലനിരപ്പ് ഉയർത്താൻ അനുമതി നൽകിയതോടെ ജനങ്ങൾ വീണ്ടും കടുത്ത ആശങ്കയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (എഫ്) | ഉണ്ട്. ഇടുക്കി ജില്ലയിലെ മുല്ലപ്പെരിയാറിലും പരിസരത്തും ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ് എന്നിവ ലക്ഷ്യമാക്കി മുല്ലപ്പെരിയാറിന് താഴെ ഇടുക്കി ഡാം വരെ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളാകമാനം ഉൾപ്പെടുത്തിക്കൊണ്ടും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, വിവിധ സേവന ദാതാക്കളുടെ സഹകരണത്തോടെ മുല്ലപ്പെരിയാർ ക്രൈസ്സിസ് മാനേജ്മെൻറ് പ്ലാൻ നടപ്പിലാക്കിവരുന്നു. ജില്ലാ കളക്ടർ നേതൃത്വം നൽകുന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ആവശ്യമായ സുരക്ഷാപ്രവർത്തനങ്ങൾ നടത്തുവാൻ |

ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് തലത്തിലും ദുരന്ത നിവാരണ കമ്മിറ്റികൾ രൂപീകരിച്ച് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സമീപപ്രദേശത്ത് ദുരന്ത നിവാരണ വകുപ്പിന്റെ ശക്തമായ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും അതുവഴി ജനങ്ങളുടെ ആശങ്കകുറയ്ക്കുന്നതിനുമുള്ള നടപടികൾ സംബന്ധിച്ച് ജനപ്രതിനിധികളുമായി ചർച്ചചെയ്ത് തീരുമാനമെടുക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ